# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1594 — 18.06.2012 -ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിലേയ്ക്ക് ക്ലാർക്കുമാരുടെ പുനർവിന്യാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകളിൽ നിന്നും ലോവർ ഡിവിഷൻ ക്ലർക്കുമാരെ പഞ്ചായത്തിലേക്ക് പുനർവിന്യസിച്ചു നൽകാറുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഒരു ക്ലാർക്കിന്റെ തസ്തിക മാത്രമുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ക്ലർക്കിനെ ഉൾപ്പെടെ പുനർവിന്യസിച്ചു നൽകുന്നത് നിമിത്തം പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിലെ ഓഫീസ് പ്രവർത്തനങ്ങൾ തടസം നേരിടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഇക്കാര്യത്തിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പഞ്ചായത്തിലേക്ക് ക്ലാർക്കുമാരെ പുനർവിന്യാസിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണ്; വ്യക്തമാക്കാമോ; | (സി) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ 04.07.2000 – ലെ സ. ഉ. (അ) നം. 187/2000/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് പഞ്ചായത്തിലേയ്ക്ക് ക്ലാർക്കുമാരെ പുനർവിന്യസിക്കുന്നത്. വിവിധ വകുപ്പുകളിലെ ജീവനക്കാരെ അവർ നൽകുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യസിക്കുന്നു. ഒരേ തസ്തികയിലേക്ക് ഒന്നിലേറെ ജീവനക്കാർ അപേക്ഷിക്കുമ്പോൾ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പുനർവിന്യാസം നടത്തുന്നു. അല്ലാത്തപക്ഷം വകുപ്പുകളിലെ ഏറ്റവും ജൂനിയറായ ജീവനക്കാരെയാണ് പുനർവിന്യാ സത്തിന് തിരഞ്ഞെടുക്കുന്നത്. |
| (ഡി) | പുനർവിന്യാസം അവസാനിപ്പിച്ച് പഞ്ചായത്തിലേയ്ക്ക് പകരം തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ? | | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ